# സുവിശേഷം എന്നാൽ എന്ത്?

സുവിശേഷം എന്നാൽ എന്ത് എന്നു മനസ്സിലാക്കുവാനുള്ള എളുപ്പവഴി അത് എന്തല്ല എന്നറിയുന്നതാണ്. ബൈബിളിൽ നിന്നുകൊണ്ട് സാരോപദേശം പ്രസംഗിക്കുന്ന ധാരാളം പ്രസംഗകർ ഇന്നുണ്ട്. അവർ ഇതിനകത്തെ ചില കഥകൾ പറയുന്നു. ഒടുവിൽ നല്ലതായി നടക്കണം എന്നൊക്കെ പറഞ്ഞ് അവസാനിപ്പിക്കുന്നു. പക്ഷെ സുവിശേഷം അതല്ല. പാപത്താൽ തകർക്കപ്പെട്ട മനുഷ്യന്റെ ഉദ്ധാരണത്തിനുവേണ്ടി ദൈവം ഒരുക്കിയ മാർഗ്ഗത്തെക്കുറിച്ച് പറയുന്ന താണ് സുവിശേഷം. സുവിശേഷം പാപമോചനത്തോടു ബന്ധപ്പെട്ടതാണ്.

ഇവിടെ നാം ഒന്നാമത് ഗ്രഹിക്കേണ്ടത് ആർക്കാണ് പാപമോചനം ആവശ്യമായിരിക്കുന്നത് എന്നുള്ളതാണ്. നമ്മൾ പൊതുവെ ധരിച്ചുവെച്ചിരിക്കുന്നത് കള്ളുകുടിയന്മാർ, കുലപാതകന്മാർ, വ്യഭിചാരികൾ, മോഷ്ടാക്കൾ എന്നി ങ്ങനെ അറിയപ്പെട്ട വൻകിടപാപികൾക്കാണ് പാപമോചനം ആവശ്യമായിരിക്കുന്നത് എന്നാണ്. പാപികൾ എന്ന് നമ്മൾ വിളിക്കുന്നത് ദുഷ്ടന്മാർ എന്ന അർത്ഥത്തിലാണ്. ഇവിടെ നമുക്കൊരു തിരുത്തലിന്റെ ആവശ്യമുണ്ട്. ആരാണു പാപി എന്നുള്ളത് നാം ആദ്യം മനസ്സിലാക്കണം. ഈ സത്യമാണ് സുവിശേഷത്തിന്റെ വാതിൽ തുറന്നു തരുന്നത്. 1 യോഹ. 1 ന്റെ 8 ഒന്നു ശ്രദ്ധിക്കൂ. "നമുക്ക് പാപമില്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി." റോമ. 3:23, "ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ഒരുപോലെ ദൈവതേജസ്സ് ഇല്ലാത്തവ രായിത്തീർന്നു" റോമ. 5:12 "അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു". പാപിയല്ലാത്ത ഒരു മനു ഷ്യനും ലോകത്തിലില്ല. എന്നാൽ യേശു പാപമില്ലാത്തവനും മനുഷ്യനായി ലോകത്തിൽ വന്ന ദൈവപുത്രനും ആണ്.

ഞങ്ങൾ സുവിശേഷം പറയുമ്പോൾ ചില ആളുകൾ പറയും, ഇതൊക്കെ വല്ല പാപികളോടും പോയി പറ എന്ന്. പാപികൾ എന്നു പറയുമ്പോൾ ചില തെറ്റായ ധാരണകൾ നമ്മുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ട്. പോലീസു പിടിച്ചവരും ജയിലിൽ കിടക്കുന്നവരും മറ്റുമൊക്കെയാണ് പാപികൾ എന്ന്. എന്നാൽ ഇവിടുത്തെ വചനം ശ്രദ്ധിച്ചോ? എനിക്ക് പാപമില്ല എന്ന് ഒരുവൻ പറഞ്ഞാൽ അവൻ ദൈവത്തെ അസത്യവാദിയാക്കുകയും തന്നെത്തന്നെ വഞ്ചി ക്കയും ചെയ്യുന്നു. ഈ പാപിയായ മനുഷ്യനുവേണ്ടി മതങ്ങൾ എന്തുചെയ്യുന്നു? മതങ്ങൾ ഇവന്റെ കൈയ്യിൽ നിന്നും കർമ്മങ്ങളും വഴിപാടുകളും ഏറ്റുവാങ്ങുന്നു. പാപം മനുഷ്യന്റെ ഉള്ളിലാണ്, അതിനു പരിഹാരമായി ചില കർമ്മങ്ങ ളൊക്കെ നടത്തി രക്ഷപെടാമെന്ന് മതങ്ങൾ മനുഷ്യനെ ഉപദേശിക്കുന്നു.

ഒരുദാഹരണം പറയാം. വയറ്റിൽ നിങ്ങൾക്കൊരു വേദന തോന്നുന്നു. ഉടനെ നിങ്ങൾ അടുത്തൊരു വൈദ്യനെ പോയി കാണുന്നു. വൈദ്യൻ നിങ്ങൾക്കൊരു കഷായം തരുന്നു. അൽപം കുറവു പോലെ തോന്നിക്കുന്നു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും വിഷമം തോന്നി. വീണ്ടും വൈദ്യനെ കണ്ടപ്പോൾ അദ്ദേഹം വീണ്ടും ആ കഷാ യവും പുറത്തു തേച്ചു ചൂടുവെയ്ക്കുവാനുള്ള കുറിപ്പടിയും തന്നു വിടുന്നു. അൽപം കുറവൊക്കെ തോന്നിക്കുന്നു. പക്ഷെ നിങ്ങൾക്ക് വയറ്റിലെന്തോ വല്ലാത്ത കനം പോലെ തോന്നുകയാണ്. അപ്പോൾ നിങ്ങളുടെ ഒരു സ്നേഹിതൻ വീട്ടിൽ വരുന്നു. അദ്ദേഹം പറയുകയാണ്, ചേട്ടാ നമുക്കൊന്നു സ്കാൻ ചെയ്തു നോക്കിയാലോ? വയറ്റിൽ വേദന കൂടി കൂടി വരും. ഇതിങ്ങനെ വെച്ചുകൊണ്ടിരിക്കുന്നത് ശരിയല്ല. രോഗം എന്താണെന്ന് കണ്ടുപിടിക്കാതെ ചികിൽസ നടത്തിയതുകൊണ്ട് കാര്യമില്ല. മനസ്സില്ലാമനസ്സോടെ നിങ്ങൾ സ്കാനിംഗിന് തയ്യാറാകുന്നു. അപ്പോൾ വേദനയുടെ യഥാർത്ഥ കാരണം മനസ്സിലായി. വയറ്റിൽ ഒരു ട്യൂമർ വളരുകയാണ്. ഇതറിഞ്ഞപ്പോൾ നിങ്ങളൊന്നു ഞെട്ടുന്നു. ആക പ്പാടെ ടെൻഷനായി. ഇപ്പോൾ ഈ സ്കാൻ ചെയ്ത ആളാണ് നിങ്ങളെ വിഷമിപ്പിച്ചത്. അല്ലേ? ഇതിനു മുമ്പു പരിശോ ധിച്ചവർ സാരമില്ല, സാരമില്ല എന്ന് ആശ്വാസവാക്കു കർ പറഞ്ഞ് നിങ്ങളെ വിടുകയായിരുന്നു. പക്ഷെ അവർ വ്യാജമാണ് പറഞ്ഞുകൊണ്ടിരുന്നത് അതവരുടെ കുഴപ്പമല്ല. അവർക്കങ്ങനെ പറയാനെ അറിയൂ. പക്ഷെ അവർക്കറിയില്ലെന്നുള്ള കാരണ ത്താൽ നിങ്ങൾക്ക് ആ മാരകമായ രോഗമില്ലെന്നു വരുന്നില്ല. നിങ്ങൾ ഒരു പാപിയാണെന്നും പാപത്തിന്റെ ശമ്പളം നിത്യനര കമാണെന്നും ബൈബിൾ വെളിപ്പെടുത്തുന്നു. പക്ഷെ പേടിക്കേണ്ടാ, ബൈബിൾ ഒരിക്കലും നിങ്ങളെ വേദനിപ്പിച്ച് വിടുക യില്ല. പരിഹാരം ഉണ്ട്.

കടലിൻെറ മീതെ നടന്ന യേശുവിനെ എല്ലാവർക്കും വളരെ ഇഷ്ടമാണ്. കുഷ്ടരോഗിയെ തൊട്ടു സൗഖ്യമാക്കിയ യേശുവിനെ, അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച യേശുവിനെ, ഭൂതഗ്രസ്ഥനെ സൗഖ്യമാക്കിയ യേശുവിനെ, ലാസറിനെ ഉയർപ്പിച്ച യേശുവിനെ എല്ലാവരും ഇഷ്ടപ്പെടും. എന്നാൽ കൈകളിലും കാലുകളിലും ഇരുമ്പാണികൾ അടിച്ചു കയറ്റി, ശരീരം മുഴുവൻ ചാട്ടവാറിനാൽ അടിച്ചു കീറപ്പെട്ടവനായി, തലയിൽ മുള്ളുകൊണ്ടുള്ള കിരീടം അടിച്ചുക യറ്റപ്പെട്ട് മുഖം മുഴുവൻ ചോരയൊഴുകി വികൃതനാക്കപ്പെട്ട, അർത്ഥനഗ്നനായി രണ്ടുകള്ളന്മാരുടെ നടുവിൽ ആകാശ ത്തിനും ഭൂമിക്കും മദ്ധ്യേ ഗോൽഗോഥാക്കുന്നിൽ തൂങ്ങിക്കിടക്കുന്ന യേശുവിനെ നിങ്ങൾ ഇഷ്ടപ്പെടുമോ? ചില ആളുകൾ പറയുന്നതു കേട്ടിട്ടുണ്ട്, നല്ലവരെ ആരേയും ഈ ലോകം വെറുതേ വെച്ചേക്കില്ല, യേശു നല്ലവനായിരുന്നു, അദ്ദേഹത്തെ എല്ലാവരും കൂടെചേർന്ന് ക്രൂശിൽ തറച്ചു കൊന്നുകളഞ്ഞില്ലേ? എന്തൊരു അന്യായമാണ് അവർ ആ നല്ല മനുഷ്യനോടു ചെയ്തുകൂട്ടിയത്? യേശുവിനോടിങ്ങനെയായപ്പോൾ പിന്നെ നമ്മുടെ കാര്യം പറയണോ? കാര്യമറിയാതെയാണ് ഇതൊക്കെ പറയുന്നത്. ശ്രദ്ധിക്കണമെ, യേശുവിനെ ആരും കൊന്നതല്ല, യേശു സ്വയം മരണത്തിനേൽപ്പിച്ചുകൊടുത്തതാണ്.

യേശുവിനെ പിടിക്കാൻ പടയാളികൾ വന്നപ്പോൾ നിങ്ങൾ ആരേ തിരയുന്നു എന്ന് യേശു അവരോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു, നസറായനായ യേശുവിനെ. അതു ഞാൻ തന്നെ എന്ന് യേശു പറഞ്ഞതേയുള്ളു. അപ്പോൾത്തന്നെ ആ പടയാളികളെല്ലാം ബോധം കെട്ടു നിലംപരിചായി. യോഹ.18:6. പ്രതിരോധിക്കുവാനുള്ള ശക്തി യേശുവിനപ്പോഴും ഉണ്ടെന്നു തെളിയിക്കാൻ മാത്രമാണ് യേശു അത് ചെയ്തത്. എന്നാൽ യേശു അതു പ്രയോഗിച്ചില്ല. യേശു സ്വയം മരണത്തിന് ഏൽപ്പിച്ചുകൊടുക്കയായിരുന്നു. എന്തുകൊണ്ട്?

മരിച്ചവരെ ഉയർപ്പിച്ച യേശുവിന് മരിക്കാതിരുന്നുകൂടായിരുന്നോ? കാറ്റിനേയും കടലിനേയും വാക്കുകൊണ്ടു പിടിച്ചടക്കിയ യേശുവിന് റോമൻ പടയാളികളുടെ കൈയ്യിൽ നിന്നും നിഷ്പ്രയാസം വഴുതിപ്പോന്നുകൂടായിരുന്നോ എന്നാണ് പലരും ചോദിക്കുന്നത്. അവർക്ക് യേശുവിന്റെ മരണത്തിന്റെ മർമ്മം അറിയില്ല. യേശു അന്ന് രക്ഷപെടാൻ ശ്രമിച്ചിരുന്നെങ്കിൽ നമ്മളെല്ലാവരും പാപത്തിൽ മരിച്ച് നിത്യനരകത്തിന് ഓഹരിക്കാരായിത്തീർന്നേനെ. കാരണം സ്വന്തം നീതിപ്രവർത്തികൊണ്ട് ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല.

സ്നാപകയോഹന്നാൻ യേശുവിനെ തന്റെ ശിഷ്യഗണത്തിന് പരിചയപ്പെടുത്തുന്നത് ഈവ്വിധമാണ് -"ഇതാ, ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്." യോഹ. 1:29. അപ്പോസ്തോലൻ അതേക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക- "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി". പ്രവാചകൻ യേശുവിന്റെ മരണത്തെ മുൻകൂട്ടി കണ്ടുകൊണ്ട് ഇപ്രകാരം പ്രവചിച്ചു, യെശ. 53:5, 1 കൊരി 15:3; മത്താ. 26:28; 1 യോഹ. 1:7; റോമ. 5:8.

സ്നേഹിതാ, താങ്കളുടെ പാപത്തിനും കൂടി വേണ്ടിയാണ് യേശു ക്രൂശിൽ മരിച്ചത്. ആ സത്യം താങ്കൾ അറിയാതിരിക്കരുത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. മരണത്തെ ജയിച്ച് യേശു മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു. നാം രക്ഷപെടണമെങ്കിൽ എന്തുചെയ്യണം? 1 യോഹ. 1;9 - "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." പാപം ഏറ്റുപറയുവാൻ ഒരു പുരോഹിതന്റെ അടുക്കൽ പോകേണ്ടാ. ഹൃദയനുറുക്കത്തോടെ യേശുവിനോട് പാപത്തെ ഏറ്റുപറഞ്ഞ് യേശുവിനെ ഹൃദയത്തിൽ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുക. ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.

Divine Truths, Veloor P.O. Kottayam - 686003